പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5632 | 02.07.2014- ൽ മറുപടിക്ക് |

<u>ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരപദാർത്ഥങ്ങൾ നിയന്ത്രിക്കാൻ നടപടി</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സാജു പോൾ<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. എസ്. കൃഷ്ണൻ<br>" എസ്. രാജേന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷണശാലകളിൽ ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരപദാർത്ഥങ്ങൾ വിൽക്കുന്നത് നിയന്ത്രിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | എ) | സംസ്ഥാന വ്യാപകമായി പരിശോധനകൾ കർശനമാക്കുകയും അന്തർസംസ്ഥാന ചേക്ക്പോസ്റ്റുകൾ ഉൾപ്പെടെ പ്രത്യേക പരിശോധന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തേക്ക് കൂടുതലായി ഭക്ഷ്യവസ്തുകൾ എത്തിക്കുന്ന സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുമായി നിരന്തരം കത്തിടപാടുകളിലൂടെ ബന്ധപ്പെടുന്നതിനോടൊപ്പം സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സംഘം തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾ നേരിട്ട് സന്ദർശിച്ച് അവിടുത്തെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി ചർച്ചനടത്തുവാനും വിവിധ കൃഷി സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നതിൽ എത്ര ശതമാനം പേർ ഭക്ഷ്യസുരക്ഷാനിയമപ്രകാരമുള്ള ലൈസൻസോ രജിസ്ട്രേഷനോ എടുത്തിട്ടുള്ളതായാണ് കണക്കാക്കുന്നത്? | ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭക്ഷണശാലകളുൾപ്പെടെ 30439 വ്യാപാരികൾ ഭക്ഷ്യസുരക്ഷാ ലൈസൻസും, 160365 പേർ രജിസ്ട്രേഷനും കരസ്ഥമാക്കിയിട്ടുണ്ട്. എന്നാൽ തുടർച്ചയായ പരിശോധനകൾ മൂലം ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**